# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1739 — 03.05.2017 — ൽ മറുപടിക്ക്

# റേഷൻ കടകളിൽ പി.ഒ.എസ്. മെഷീൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീമതി.പി. അയിഷാ പോറ്റി :** | | **ശ്രീ. പി. തിലോത്തമൻ** (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | ബയോമെടിക് സംവിധാനത്തിലൂടെ ഉപഭോക്താവിന് റേഷൻ വിവരങ്ങൾ അറിയാൻ കഴിയുന്ന പി.ഒ.എസ്. മെഷീൻ റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | റേഷൻ കടകളിൽ ബയോമെടിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ സഹായത്തോടെ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്ടിന്റെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി സർക്കാർ നിയമിച്ച സപ്ലൈകോയാണ് ടെൻഡർ നടപടികൾ കൈക്കൊള്ളുന്നത്. |
| (ബി) | റേഷൻ കടകളിലേക്കുള്ള വാതിൽപ്പടി വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ബി) | വാതിൽപ്പടി വിതരണത്തിന്റെ പ്രാരംഭ ഘട്ടം 2017 മാർച്ച് 9 മുതൽ കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ 2017 മെയ് 1 മുതൽ നടപ്പാക്കുന്നതിന് ക്രമീകരണങ്ങൾ പൂർത്തിയായി. ബാക്കിയുള്ള ജില്ലകളിൽ വാതിൽപ്പടി വിതരണത്തിന്റെ മൂന്നാം ഘട്ടം ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

*സെക്ഷൻ ഓഫീസർ*